# കോളേജ് വിദ്യാഭ്യാസ വകുപ്പ്
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം - ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് ഹോസ്റ്റൽ, തലശ്ശേരി - പുനർ വിന്യസിക്കപ്പെട്ട തസ്തികകൾ പുന:സ്ഥാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: സി 2/1788/2017/കോ.വി.വ/എൽ.ഡിസ്. തീയതി: 25/01/2017

---

പരാമർശം:- 1. കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 25/03/2013 തീയതിയിലെ സി 2/7759/2013 നം. ഉത്തരവ്.

2. കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 13/05/2013 തീയതിയിലെ സി 6/16224/2013/കോ.വി.വ. നം. ഉത്തരവ്.

3. തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ പ്രിൻസിപ്പാളിന്റെ 06/01/2017 തീയതിയിലെ ബി 1/310/2013 നം. കത്ത്.

## ഉത്തരവ്

തലശ്ശേരി ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് ഹോസ്റ്റൽ കെട്ടിടം പുതുക്കി പണിയുന്നതിനായി പൊളിച്ചു മാറ്റിയ സാഹചര്യത്തിൽ പ്രസ്തുത ഹോസ്റ്റലിൽ നിന്നും തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷനിലേയ്ക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം പുനർ വിന്യസിക്കപ്പെട്ട തസ്തികകൾ, ഹോസ്റ്റൽ കെട്ടിടത്തിന്റെ പണി പൂർത്തിയായ സാഹചര്യത്തിൽ പുന:സ്ഥാപിക്കണമെന്ന് ഹോസ്റ്റൽ വാർഡൻ അപേക്ഷിച്ചിട്ടുള്ളതായി തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ പ്രിൻസിപ്പാൾ പരാമർശം (3) പ്രകാരം അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം തലശ്ശേരി ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് ഹോസ്റ്റലിൽ നിന്നും തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷനിലേയ്ക്ക് പുനർ വിന്യസിക്കപ്പെട്ട ചുവടെ പറയുന്ന തസ്തികകൾ തലശ്ശേരി ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് ഹോസ്റ്റലിൽ പുന:സ്ഥാപിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | ക്ലാർക്ക് | 1 |
| 2 | ടൈപ്പിസ്റ്റ് കം ക്ലാർക്ക് | 1 |
| 3 | ഓഫീസ് അറ്റൻഡന്റ് | 1 |
| 4 | നൈറ്റ് വാച്ച്മാൻ | 1 |
| 5 | കുക്ക് | 2 |
| 6 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 7 | പാർട്ട് ടൈം സാനിട്ടേഷൻ വർക്കർ | 1 |

202119

അതോടൊപ്പം പരാമർശം (2) ലെ ഉത്തരവ് പ്രകാരം തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഹോസ്റ്റലിലേയ്ക്ക് സേവന ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട 2 കുക്കുമാരുടെ സേവന ക്രമീകരണം അവസാനിപ്പിച്ചും ഉത്തരവാകുന്നു.

തലശ്ശേരി ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് ഹോസ്റ്റലിൽ പുനഃസ്ഥാപിക്കപ്പെട്ട തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർ അടിയന്തരമായി ഹോസ്റ്റൽ വാർഡൻ മുമ്പാകെ ജോലിയ്ക്ക് ഹാജരാകേണ്ടതാണ്.

ഒപ്പ്/-
കൃഷ്ണകുമാർ റ്റി.വി.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-
1) പ്രിൻസിപ്പാൾ,
ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എജ്യൂക്കേഷൻ, തലശ്ശേരി
2) വാർഡൻ
ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് ഹോസ്റ്റൽ, തലശ്ശേരി
3) വാർഡൻ, ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഹോസ്റ്റൽ, തലശ്ശേരി
4) ബന്ധപ്പെട്ട ജീവനക്കാർക്ക്
5) സി 3 സീറ്റ്/സി 6 സീറ്റ്
6) കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.റ്റി. 25/1/17



GOVERNMENT OF KERALA